**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5476** **03-11-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തികളുടെ വിശദാംശങ്ങൾച്ചുവടെ ചേർക്കുന്നു. ആർദ്രം ഒന്നാം ഘട്ടം ആർദ്രം ഒന്നാം ഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പ്രവർത്തിച്ചു വരികയാണ്. ഇതിനായി എണ്ണപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് 10,09,100/- രൂപയും (പത്ത് ലക്ഷത്തി ഒൻപതിനായിരത്തി ഒരുന്നൂറ് രൂപ മാത്രം) കരിന്തളം കുടുംബാരോഗ്യ കേന്ദ്രത്തിന് 13,75,400/- രൂപയും (പതിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് എൻ.എച്ച്.എം വഴി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം ആർദ്രം രണ്ടാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി 15 ലക്ഷം (പതിനഞ്ചം ലക്ഷം രൂപ മാത്രം) എൻ.എച്ച്.എം വഴി അനുവദിച്ചു നൽകിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭഘട്ടത്തിലാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഒ.പി രജിസ്ട്രേഷൻ, ഫാർമസി നവീകരണം, രോഗീ സൗഹൃദ സംവിധാനങ്ങൾ, ഫർണീച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി 1.30 കോടി രൂപ (ഒരു കോടി മുപ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ച നൽകി യിട്ടുമുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ സംസ്ഥാനത്തെ ഒരു റവന്യൂ ബ്ളോക്കിൽ നിന്നും ഒരു സ്ഥാപനത്തെ തിരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, സേവനങ്ങൾ തുടങ്ങിയവ വർദ്ധിപ്പിച്ച് ബ്ളോക്ക്തല കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട് റവന്യൂ ബ്ളോക്കിൽ നിന്നും പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തേയും പരപ്പ റവന്യൂ ബ്ളോക്കിൽ നിന്നും വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തേയും തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 37.5 ലക്ഷം രൂപ (മുപ്പത്തി ഏഴരലക്ഷം രൂപ മാത്രം) എൻ. എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്ന തിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ടി നിയോജകമണ്ഡലത്തിൽ നിന്നും താലൂക്കാശുപത്രി പൂടംകല്ല് (പാണത്തടി) എന്ന സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് കെ.എം.എസ്. സി.എൽ ആണ് നിർവഹിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം. എൽ.എ യുടെ ആസ്തി വികസന ഫണ്ടും, കിഫ്ബി ഫണ്ടും ആണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തികളുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു. ആർദ്രം ഒന്നാം ഘട്ടം ആർദ്രം ഒന്നാം ഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പ്രവർത്തിച്ച വരികയാണ്. |

ഇതിനായി എണ്ണപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് 10,09,100/- രൂപയും (പത്ത് ലക്ഷത്തി ഒൻപതിനായിരത്തി ഒരുന്നൂറ് രൂപ മാത്രം) കരിന്തളം കുടുംബാരോഗ്യ കേന്ദ്രത്തിന് 13,75,400/- രൂപയും (പതിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് എൻ.എച്ച്.എം വഴി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം ആർദ്രം രണ്ടാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി 15 ലക്ഷം (പതിനഞ്ചം ലക്ഷം രൂപ മാത്രം) എൻ.എച്ച്.എം വഴി അനുവദിച്ച നൽകിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഒ.പി രജിസ്ട്രേഷൻ, ഫാർമസി നവീകരണം, രോഗീ സൗഹൃദ സംവിധാനങ്ങൾ, ഫർണീച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി 1.30 കോടി രൂപ (ഒരു കോടി മുപ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ച നൽകി യിട്ടുമുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ സംസ്ഥാനത്തെ ഒരു റവന്യ ബ്ളോക്കിൽ നിന്നും ഒരു സ്ഥാപനത്തെ തിരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, സേവനങ്ങൾ തുടങ്ങിയവ വർദ്ധിപ്പിച്ച് ബ്ളോക്ക്തല കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട് റവന്യൂ ബ്ളോക്കിൽ നിന്നും പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തേയും പരപ്ര റവന്യൂ ബ്ളോക്കിൽ നിന്നും വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തേയും തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 37.5 ലക്ഷം രൂപ (മുപ്പത്തി ഏഴരലക്ഷം രൂപ മാത്രം) എൻ. എച്ച്.എം

| | | | |
|---|---|---|---|
| | | | വഴി അനുവദിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്ന തിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ടി നിയോജകമണ്ഡലത്തിൽ നിന്നും താലൂക്കാശുപത്രി പൂടംകല്ല് (പാണത്തടി) എന്ന സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് കെ.എം.എസ്. സി.എൽ ആണ് നിർവഹിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം. എൽ.എ യുടെ ആസ്തി വികസന ഫണ്ടും, കിഫ്ബി ഫണ്ടും ആണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ